മുദാക്കൽ പഞ്ചായത്തിലെ മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ

1973 [3045] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽപ്പെട്ടിട്ടുള്ള മുദാക്കൽ പഞ്ചായത്തിൽ എത്ര ഹെക്ടർ സ്ഥലം മണ്ണൊലിപ്പിന്റെ കെടുതിയിൽപ്പെട്ടിട്ടുണ്ട്;

(ബി) 1982-നുശേഷം അവിടെ മണ്ണൊലിപ്പ് തടയുന്നതിനും മണ്ണു സംരക്ഷണത്തിനുംവേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അതിലേയ്ക്ക് എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉദ്ദേശം 251 ഹെക്ടർ സ്ഥലം.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

പള്ളിക്കൽ പഞ്ചായത്തിലെ മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ

1974 [3046] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിലെ പള്ളിക്കൽ പഞ്ചായത്തിൽ എത്ര ഹെക്ടർ സ്ഥലം മണ്ണൊലിപ്പിന്റെ കെടുതിയിൽപ്പെട്ടിട്ടുണ്ട്;

(ബി) 1982-നുശേഷം അവിടെ മണ്ണൊലിപ്പ് തടയുന്നതിനും മണ്ണ് സംരക്ഷണത്തിനും വേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അതിലേയ്ക്ക് എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 400 ഹെക്ടർ സ്ഥലം.

(ബി, സി) പള്ളിക്കൽ പഞ്ചായത്തിൽ ഈ 400 ഹെക്ടർ സ്ഥലം ഉൾപ്പെടെ പള്ളിക്കൽ മണ്ണു സംരക്ഷണപദ്ധതി എന്ന ഒരു പദ്ധതി തയ്യാറാക്കി മേൽനടപടികൾ സ്വീകരിച്ചുവരുന്നു. എന്നാൽ പദ്ധതി പ്രവർത്തനം ഇതുവരെയും ആരംഭിച്ചിട്ടില്ല.

നാവായിക്കുളം പഞ്ചായത്തിലെ മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ

1975 [3047] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽപ്പെട്ട നാവായിക്കുളം പഞ്ചായത്തിൽ എത്ര ഹെക്ടർ സ്ഥലം മണ്ണൊലിപ്പിന്റെ കെടുതിയിൽപ്പെട്ടിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly